**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4266** **18-03-2025 - ൽ മറുപടിയ്ക്ക്**

**സൗജന്യ നിയമസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാരിൽ നിന്നും ലഭിക്കുന്ന സൗജന്യ നിയമസഹായ സേവനങ്ങളെപ്പറ്റി പൊതുജനങ്ങൾക്ക് വേണ്ടത്ര അറിവില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല, സൗജന്യ നിയമസഹായ സേവനങ്ങളെപ്പറ്റി പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കാനുള്ള ഊർജ്ജിതശ്രമങ്ങൾ സർക്കാർ കേരള സംസ്ഥാന നിയമസേവന അതോറിറ്റി മുഖാന്തിരം നടത്തിവരുന്നു. ഈ ലക്ഷ്യത്തെ മുൻനിർത്തി നിരന്തരമായ ഇടപെടലുകൾ നടത്തുന്ന സ്ഥാപനമാണ് കേരള സംസ്ഥാന നിയമസേവന അതോറിറ്റി. |
| (ബി) | പൊതുജനങ്ങൾക്ക് സൗജന്യ നിയമസഹായം ലഭിക്കുന്ന സാഹചര്യങ്ങളും, ഇതിനുള്ള മാനദണ്ഡങ്ങളും, നടപടിക്രമങ്ങളും വിശദമാക്കുമോ; | (ബി) | **1987-ലെ The Legal Services Authorities Act-ന്റെ 12-ാം വകുപ്പിൽ വിവരിച്ചിട്ടുള്ള മാനദണ്ഡപ്രകാരം പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, മനുഷ്യക്കടത്തിന് ഇരയായിട്ടുള്ളവർ,സ്ത്രീകളും കുട്ടികളും,ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ, പ്രകൃതിദുരന്തം, വ്യവസായികദുരന്തം മുതലായവയ്ക്ക് ഇരയാകുന്നവർ; അല്ലെങ്കിൽ, വ്യവസായിക തൊഴിലാളികൾ; അല്ലെങ്കിൽ, പുനരധിവാസ ഗൃഹങ്ങളിലെ അന്തേവാസികൾ, ജുവനൈൽ ഹോമുകളിലെ അന്തേവാസികൾ, മാനസികരോഗ ചികിത്സാലയങ്ങൾ അനാഥാലയങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾ, കസ്റ്റഡി പ്രതികൾ മുതലായവർ; അല്ലെങ്കിൽ, വാർഷിക വരുമാനം 3,00,000/- രൂപയിൽ താഴെയുള്ളവർ തുടങ്ങിയവർക്കാണ് നിലവിൽ കോടതി കേസുകളിൽ സൗജന്യനിയമസേവനം നൽകിവരുന്നത്. കൂടാതെ, സുപ്രീംകോടതിയിലെ കേസുകളിൽ 5,00,000/- രൂപയിൽ താഴെ വാർഷിക വരുമാനം ഉള്ളവർക്ക് നിലവിൽ സൗജന്യ നിയമസഹായം നൽകി വരുന്നുണ്ട്. നിയമസഹായം ആവശ്യമുള്ളവർ കേരള സംസ്ഥാന നിയമസേവന അതോറിറ്റിയെയോ, ജില്ലാനിയമസേവന അതോറിറ്റികളെയോ താലൂക്ക് തല കമ്മിറ്റികളെയോ രേഖാമൂലം അറിയിക്കുന്ന മുറയ്ക്ക്** |

| | | | |
|---|---|---|---|
| | | | **ആണ് സൗജന്യ നിയമസഹായത്തിനുള്ള അപേക്ഷകൾ പരിഗണിക്കപ്പെടുന്നത്.** |
| (സി) | സൗജന്യ നിയമസഹായ സേവനങ്ങളെപ്പറ്റി പൊതുജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളും ഭാവിയിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികളും വിശദമാക്കുമോ? | (സി) | **സൗജന്യ നിയമസഹായ സേവനങ്ങളെപ്പറ്റി പൊതുജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിന് നിയമാവബോധ പ്രവർത്തനങ്ങൾ കേരള സംസ്ഥാന നിയമസേവന അതോറിറ്റിയും അനുബന്ധ സ്ഥാപനങ്ങളും നടത്തിവരുന്നുണ്ട്. എല്ലാ പൗരന്മാർക്കും സൗജന്യ നിയമോപദേശം നൽകുവാൻ Legal Assistance Establishment അഥവാ സാകേതം എന്ന പേരിൽ കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയിൽ അഭിഭാഷകരുടെ സേവനം ലഭ്യമാക്കി വരുന്നുണ്ട്. നിയമസേവനത്തിനായി താലൂക്ക്-ജില്ലാ തല ഓഫീസുകളെ സമീപിക്കുന്നവർക്കായി Front Office -കളിൽ സൗജന്യ നിയമസേവനം നൽകി വരുന്നുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന 9846700100 എന്ന സൗജന്യ ഹെൽപ്പ് ലൈൻ നമ്പറും 15100 എന്ന NALSA ടോൾ ഫ്രീ നമ്പറും പ്രവർത്തിച്ചുവരുന്നു.**<br><br>**കൂടാതെ, മാനസിക സാമൂഹിക വെല്ലുവിളികൾ നേരിടുന്നവർക്ക് നിയമസേവനം നൽകാനായി 'നിലാവ്' (NILAV – Nodal Initiative for Legal Assistance and Assurance for the Vulnerable) Scheme, നിയമപ്പോരാട്ടങ്ങളിൽ കുട്ടികളുടെ അവകാശങ്ങൾക്കും അഭിപ്രായപ്രകടനത്തിനും മന:ശാസ്ത്രപരമായ പിന്തുണയുമായി 'CLAP' (Child Legal Assistance Programme), ഗോത്രവർഗ്ഗ വിഭാഗക്കാർക്കായി 'ഗോത്രവർദ്ധൻ', വയോജനങ്ങൾക്കായി 'വയോനന്മ', ദുരന്തബാധിതർക്കായി 'അതിജീവനം' തുടങ്ങിയ പദ്ധതികളും കേരള സംസ്ഥാന നിയമസേവന അതോറിറ്റി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.** |

സെക്ഷൻ ഓഫീസർ